14425
20/9/17



കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ്- കേരള സംഗീതനാടക അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (എ)വകുപ്പ്

സ.ഉ.(കൈ)/4/2017/സാം.കാ.വ തിരുവനന്തപുരം,തീയതി, 28/03/2017

---

പരാമർശം:-

1) 20.01.16-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവ്.

2)കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 01/03/2016, 23/04/2016, 27/05/2016 എന്നീ തീയതികളിലെ 192/എൻ.പി 1/ 2016 നംപർ കത്തുകൾ.

<u>ഉത്തരവ്</u>

കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകണമെന്ന് കേരള സംഗീത നാടക അക്കാദമി സെക്രട്ടറി, പരാമർശം (2) പ്രകാരം, സർക്കാരിൽ അപേക്ഷിച്ചു. ഒൻപതാം ശമ്പള പരിഷ്കരണത്തിനുശേഷം, കേരള സംഗീത നാടക അക്കാദമിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, ശമ്പളത്തിലോ മറ്റാനുകൂല്യത്തിലോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ലെന്നും കേരള സംഗീത നാടക അക്കാദമി സെക്രട്ടറി അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ

സാഹചര്യത്തിൽ, കേരള സംഗീത നാടക അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരാമർശം (1)ഉത്തരവിന്റെ അനക്സർ I പ്രകാരവും, താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായും, പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(1) കേരള സംഗീത നാടക അക്കാദമിയിലെ സർക്കാർ അംഗീകൃത തസ്തികകളുടെ നിലവിലുള്ള ശമ്പള സ്കെയിലുകൾ, താഴെ പറയും പ്രകാരം പരിഷ്കരിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 16980-29180 | 32300-68700 |
| 2 | പ്രോഗ്രാം ഓഫീസർ | 1 | 16180-29180 | 30700-65400 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 4 | യു. ഡി. ക്ലർക്ക് | 3 | 11620-20240 | 22200-48000 |
| 5 | എൽ. ഡി. ക്ലർക്ക് | 3 | 9190-15780 | 18000-41500 |
| 6 | എൽ. ഡി. ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 7 | എഡിറ്റോറിയൽ അസിസ്റ്റന്റ് | 1 | 11620-20240 | 22200-48000 |
| 8 | ഗാർഡനർ | 1 | 8730-13540 | 17000-37500 |
| 9 | ഡ്രൈവർ കം ക്ലീനർ | 1 | 9190- | 18000- |

| | | | | |
|---|---|---|---|---|
| | | | 15780 | 41500 |
| 10 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 11 | നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 12 | ലൈൻമാൻ-കം-കെയർടേക്കർ | 1 | 9190-15780 | 18000-41500 |
| 13 | സ്വീപ്പർ കം വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 14 | ഫുൾ ടൈം സ്വീപ്പർ | 1 | 8500-13210 | 16500-35700 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 2 | 4850-7500 | 9340-14800 |

(2) 01.07.2014-ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2014-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ് .

(3) ശമ്പള നിർണയം സംബന്ധിച്ച് പരാമർശം (1) ഉത്തരവിന്റെ അനക്സർ II -ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയ്റ്റേജിന് സംഗീത നാടക അക്കാദമിയിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ് .

(4) വീട്ടുവാടക ബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവ പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 14, 16 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. സിറ്റി കോമ്പൻസേറ്ററി അലവൻസിന് നഗര പരിധിയിലുള്ള ഓഫീസിലെ ജീവനക്കാർക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

(5) സമയ ബന്ധിത ഹയർഗ്രേഡ് 20.01.2016 ലെ പരാമർശം (1)

ഉത്തരവിന്റെ ഖണ്ഡിക 7 , അനക്സർ III എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ് . പരിഷ്കരിച്ച സമയ ബന്ധിത ഹയർഗ്രേഡിന്റെ പ്രാബല്യത്തീയതി 01.02.2016 ആണ് .

(6) ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 800/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(7) പൊതുവിദ്യാലയങ്ങളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക/മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 600/-രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(8) മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ / മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

(9) മുൻകൂർ സർക്കാർ അനുമതിയില്ലാതെ, റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർ നാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

(10) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

(11) മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, മുൻകൂർ സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.

(12) ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അക്കാദമിയിൽ നടപ്പാക്കാൻ പാടില്ല.

(13) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം

തീരുമാനമെടുക്കുന്നതിനു മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ് .

(14) കേരള സംഗീത നാടക അക്കാദമിയിലെ എല്ലാ നിയമനങ്ങളിലും പട്ടിക ജാതി , പട്ടിക വർഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, വികലാംഗർ, കായികതാരങ്ങൾ, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. അക്കാദമിയിലെ എല്ലാ നിയമനങ്ങളും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന മാർഗങ്ങൾ പാലിച്ച് മാത്രം നടപ്പാക്കേണ്ടതാണ് .

(15) State of Karnataka and others Vs Umadevi and others കേസിലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം സ്ഥിരപ്പെടുത്തൽ ഒരു നിയമനരീതിയായി സ്വീകരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അക്കാദമിയിൽ മേലിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കൂടാതെ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിരനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ് .

( 16 ) സംഗീത നാടക അക്കാദമിയുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കാനും സർക്കാർ അനുമതിയില്ലാതെയും കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നതിനു വിരുദ്ധമായും അംഗീകൃത തസ്തികകളില്ലാതെ നിയമിക്കപ്പെട്ട ജീവനക്കാരുടെ സേവനം അടിയന്തിരമായി അവസാനിപ്പിക്കാനും നടപടി സ്വീകരിച്ച്, സർക്കാരിൽ അറിയിക്കേണ്ടതാണ്.

( 1 7 ) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ ഏതെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുൻപ് നിർത്തലാക്കേണ്ടതാണ്. അധിക ബാധ്യത അക്കാദമിയുടെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് .

(18) കരാർ / ദിവസക്കൂലി അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല .

(19) ശമ്പള കുടിശ്ശിക സംബന്ധിച്ച് അക്കാദമിയുടെ സാമ്പത്തിക പരിതസ്ഥിതിയ്ക്കനുസരിച്ച് executive committee തീരുമാനം എടുത്ത് സർക്കാർ അംഗീകാരത്തോടെ നൽകേണ്ടതാണ് .

(20) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന ശമ്പള പരിഷ്കരണ വ്യതിയാനങ്ങൾക്ക് അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദി ആയിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**സെക്രട്ടറി**

സെക്രട്ടറി,കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജില്ല/സബ് ട്രഷറി ഓഫീസർ, തൃശ്ശൂർ.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 660 തീയതി 25/01/2017 പ്രകാരം)
ധനകാര്യ വകുപ്പ് (റഫ. നം. E.246614) No:EDN-C3/105/2016-FIN Dated:24.10.2016)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു.സാംസ്കാരിക വകുപ്പ മന്ത്രിയുടെ പി.എസിന്

സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1172907/2017/OS-CLAD

AS
Rk 27/1
SO(A) 27/1/17

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-01-2017.

ഫയൽ നം.എ1/140/2016/സിഎൽഎഡി. ഇനം നം: 660

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുളള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/140/2016/സി.എൽ.എ.ഡി |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്ക്കരണം അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/12/16 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.സജിനി എസ്. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.01.2017. |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ എസ്.എം.വിജയാനന്ദ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.01.2017. |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.01.2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.01.2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകണമെന്ന് കേരള സംഗീത നാടക അക്കാദമി സെക്രട്ടറി സർക്കാരിൽ അപേക്ഷിച്ചു. ഒൻപതാം ശമ്പള പരിഷ്കരണത്തിനുശേഷം, കേരള സംഗീത നാടക അക്കാദമിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, ശമ്പളത്തിലോ മറ്റാനുകൂല്യത്തിലോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ലെന്നും കേരള സംഗീത നാടക അക്കാദമി സെക്രട്ടറി അറിയിച്ചു.

3. കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"കേരള സംഗീത നാടക അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ 20.01.16-ലെ സ.ഉ(പ ി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ I പ്രകാരവും താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായും പരിഷ്കരിക്കാവുന്നതാണ് .

(1) കേരള സംഗീത നാടക അക്കാദമിയിലെ സർക്കാർ അംഗീകൃത തസ്തികകളുടെ നിലവിലുള്ള ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരം പരിഷ്കരിക്കാവുന്നതാണ് .

| ക്രമ നം . | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 16980-29180 | 32300-68700 |
| 2 | പ്രോഗ്രാം ഓഫീസർ | 1 | 16180-29180 | 30700-65400 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 4 | യു. ഡി. ക്ലർക്ക് | 3 | 11620-20240 | 22200-48000 |
| 5 | എൽ. ഡി. ക്ലർക്ക് | 3 | 9190-15780 | 18000-41500 |
| 6 | എൽ. ഡി. ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 7 | എഡിറ്റോറിയൽ അസിസ്റ്റന്റ് | 1 | 11620-20240 | 22200-48000 |
| 8 | ഗാർഡനർ | 1 | 8730-13540 | 17000-37500 |
| 9 | ഡ്രൈവർ കം ക്ലീനർ | 1 | 9190-15780 | 18000-41500 |

| | | | | |
|---|---|---|---|---|
| 10 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 11 | നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 12 | ലൈൻമാൻ-കം-കെയർടേക്കർ | 1 | 9190-15780 | 18000-41500 |
| 13 | സ്വീപ്പർ കം വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 14 | ഫുൾ ടൈം സ്വീപ്പർ | 1 | 8500-13210 | 16500-35700 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 2 | 4850-7500 | 9340-14800 |

(2) 01.07.2014-ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെട്ടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2014-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ് .

(3) ശമ്പള നിർണയം സംബന്ധിച്ച് 20.01.2016- ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II- ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയ്റ്റേജിന് സംഗീത നാടക അക്കാദമിയിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ് .

(4) വീട്ടുവാടക ബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവ 20.01.2016-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14, 16 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. സിറ്റി കോമ്പൻസേറ്ററി അലവൻസിന് നഗര പരിധിയിലുള്ള ഓഫീസിലെ ജീവനക്കാർക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

(5) സമയ ബന്ധിത ഹയർഗ്രേഡ് 20.01.2016 ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7, അനക്സർ III എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ് . പരിഷ്കരിച്ച സമയ ബന്ധിത ഹയർഗ്രേഡിന്റെ പ്രാബല്യത്തീയതി 01.02.2016 ആണ് .

(6) ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 800/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(7) പൊതുവിദ്യാലയങ്ങളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ശാരീരിക / മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് പ്രതിമാസം 600/-രൂപ വിദ്യാഭ്യാസ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ് .

(8) മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ / മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

(9) മുൻകൂർ സർക്കാർ അനുമതിയില്ലാതെ, റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർ നാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

(10) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

(11) മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, മുൻകൂർ സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.

(12) ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അക്കാദമിയിൽ നടപ്പാക്കാൻ പാടില്ല.

(13) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ് .

(14) കേരള സംഗീത നാടക അക്കാദമിയിലെ എല്ലാ നിയമനങ്ങളിലും പട്ടിക ജാതി , പട്ടിക വർഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, വികലാംഗർ, കായികതാരങ്ങൾ, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. അക്കാദമിയിലെ എല്ലാ നിയമനങ്ങളും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന മാർഗങ്ങൾ പാലിച്ച് മാത്രം നടപ്പാക്കേണ്ടതാണ് .

(15) State of Karnataka and others Vs Umadevi and others കേസിലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം സ്ഥിരപ്പെടുത്തൽ ഒരു നിയമനരീതിയായി സ്വീകരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അക്കാദമിയിൽ മേലിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കൂടാതെ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിരനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ് .

(16) ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

(17) സംഗീത നാടക അക്കാദമിയുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കാനും സർക്കാർ അനുമതിയില്ലാതെയും കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നതിനു വിരുദ്ധമായും അംഗീകൃത തസ്തികകളില്ലാതെ നിയമിക്കപ്പെട്ട

ജീവനക്കാരുടെ സേവനം അടിയന്തിരമായി അവസാനിപ്പിക്കാനും ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

(18) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ ഏതെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുൻപ് നിർത്തലാക്കേണ്ടതാണ്. അധിക ബാധ്യത അക്കാദമിയുടെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് .

(19) കരാർ / ദിവസക്കൂലി അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല .

(20) ശമ്പള കുടിശ്ശിക സംബന്ധിച്ച് അക്കാദമിയുടെ സാമ്പത്തിക പരിതസ്ഥിതിയ്ക്കനുസരിച്ച് executive committee തീരുമാനം എടുത്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നൽകേണ്ടതാണ് .

(21) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന ശമ്പള പരിഷ്കരണ വ്യതിയാനങ്ങൾക്ക് അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദി ആയിരിക്കുന്നതാണ്.

ഇതിനു ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട് ."

4. ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി കേരള സംഗീതനാടക അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ പരിഷ്കരിക്കാവുന്നതാണോ?